# C M S LP SCHOOL – THRISSUR

## ACADEMIC MASTER PLAN

## 2025 - 2026



# സി .എം .എസ് .എൽ .പി .സ്കൂൾ, തൃശ്ശൂർ

സി. എം. എസ്. എൽ. പി. സ്കൂൾ, തൃശ്ശൂർ നഗരത്തിന്റെ നടുവിലായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ്. ചർച്ച് മിഷ്യൻ സൊസൈറ്റിയുടെ മിഷണറി സംഘം 1883-ൽ സ്ഥാപിച്ച ഈ വിദ്യാലയം തൃശ്ശൂർജില്ലയിലെ 138 വർഷം പ്രായമായ ഏറ്റവും പഴക്കമേറിയ വിദ്യാലയമാണ്.

## ചരിത്രം

1883 മെയിൽ ചർച്ച് മിഷ്യൻ സൊസൈറ്റി (CMS) യാണ് വിദ്യാലയം സ്ഥാപിച്ചത്. തൃശ്ശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് 139 വർഷങ്ങൾ പിന്നിട്ട പാരമ്പര്യവും തനിമയും നിലനിർത്തി പ്രശസ്തിയുടെ മകുടമണിഞ്ഞ് ഈ സരസ്വതി ക്ഷേത്രം നില നിൽക്കുന്നു. സമൂഹത്തിലെ നിരവധി പ്രശസ്തരെ സംഭാവന ചെയ്ത വിദ്യാലയമാണ് ഇത്.

## ഭൗതികസൗകര്യങ്ങൾ

ഓരോ ഡിവിഷനുള്ള 4 ക്ലാസ് മുറികളും അതിവിശാലമായ ഒരു കളിസ്ഥലവും വിദ്യാലയത്തിനുണ്ട്. കമ്പ്യൂട്ടർ ലാബും അതിൽ 5 കമ്പ്യൂട്ടറുകളുമുണ്ട്. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യവും LCD പ്രൊജക്ട്ർ സൗകര്യവും ലഭ്യമാണ്.കൂടാതെ ലൈബ്രറി എന്നീ സൗകര്യങ്ങളമുണ്ട്.

- ഉച്ചഭക്ഷണപദ്ധതി
- സ്കോളർഷിപ്പ്
- LSS സ്കോളർഷിപ്പ് പരിശീലനം
- ജൈവ വൈവിധ്യ ഉദ്യാനം
- കാർഷിക ക്ലബ്
- ഇംഗ്ലീഷ്ക്ലബ്
- ശാസ്ത്ര ക്ലബ്
- മികച്ച പരിശീലനം ലഭിച്ച അധ്യാപകർ
- ഗണിത ക്ലബ്
- ഇക്കോ ക്ലബ്
- മലയാളം ക്ലബ്ബ്
- മികച്ച ലൈബ്രറി
- വിശാലമായ കളിസ്ഥലം

- ## <u>പാഠ്യേതര പ്രവർത്തനങ്ങൾ</u>

- **ക്ലബ്ബ് പ്രവർത്തനങ്ങൾ**
- **ഫുട്ബോൾ ക്ലബ്ബ്**
- **അബാക്കസ്**
- **കരാട്ടെ**

# <u>അക്കാദമിക പ്രവർത്തനങ്ങൾ</u>

- ## <u>പ്രവേശനോത്സവം ജനകീയമാക്കുക</u>

**ജൂൺ 2 പ്രവേശനോത്സവം കൂടുതൽ ജനകീയമായി നടത്തുവാൻ തീരുമാനിച്ചു. സ്കൂൾ അതിനായി കൂടുതൽ നല്ല രീതിയിൽ അലങ്കരിക്കുവാനും ജനപ്രതിനിധികളെ പങ്കെടുപ്പിച്ചു നടത്തുവാനും തീരുമാനിച്ചു. നവാഗതർക്ക് ബാഗും പുസ്തകങ്ങളും വിതരണം ചെയ്യാനും എല്ലാവർക്കും മധുര പലഹാരങ്ങൾ വിതരണം ചെയ്യുവാനും തീരുമാനിച്ചു.**

- ## <u>പരിസ്ഥിതി ദിനം ആചരിക്കുക</u>

**ജൂൺ 5 പരിസ്ഥിതിദിനം ഓരോ കുട്ടികൾക്കും ഓരോചെടി. സ്കൂൾ ഒരു പൂങ്കാവനം എന്നുള്ള ലക്ഷ്യത്തിനായി പരിശ്രമിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു .**

- ## <u>വായനാവാരം</u>

**കുട്ടികളിലെ വായന പ്രോത്സാഹിപ്പിക്കാനും പുസ്തകങ്ങൾ കൂടുതൽ പരിചയപെടുന്നതിനുമായി ദിനാചരണത്തോടുനുബന്ധിച്ചു വായനാവാരം ആഘോഷിക്കാൻ തീരുമാനിച്ചു .കുട്ടികൾക്ക് വായനക്കായി പുസ്തകങ്ങൾ വീടുകളിലേക്ക് കൊടുത്തു വിടുവാൻ തീരുമാനിച്ചു**

- ## <u>മികച്ച ഉച്ചഭക്ഷണം</u>

**മികച്ച ഉച്ചഭക്ഷണം നൽകുന്നതിനുള്ള തീരുമാനം എടുത്തു .കൂടുതൽ രുചികരമായള്ള കറികളും ഉപ്പേരിയും വിളമ്പാൻ തീരുമാനിച്ചു .അത് ഉറപ്പു വരുത്താനും തീരുമാനിച്ചു.**

- **ശുചിത്വസേന**

സ്കൂൾ ശുചിത്വം ഉറപ്പുവരുത്താനായി കുട്ടികളിൽ നിന്നും കുറച്ചു പേരെ കണ്ടെത്തി ശുചിത്വസേന രൂപീകരിക്കുന്നു. നല്ല വൃത്തിയുള്ള ക്ലാസും വരാന്തയും കണ്ടെത്തി സമ്മാനം കൊടുക്കുവാനും തീരുമാനിച്ചു.

- **പരിസര ശുചിത്വബോധം**

വീടും പരിസരവും വൃത്തിയുള്ളതായി സൂക്ഷിക്കുവാനും അതുവഴി പരിസരശുചിത്വം ഉണ്ടാക്കാനും ചുറ്റുപാട് വൃത്തിയാക്കാനും സ്കൂൾ പരിസരം ചപ്പു ചവറുകൾ വലിച്ചെറിയാതെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ പെറുക്കി കളഞ്ഞു വൃത്തിയാക്കാനും ആഴ്ചയിൽ ഓരോ ക്ലാസ്സിനും ഓരോ പീരീഡ് മാറ്റിവെക്കുവാൻ തീരുമാനിച്ചു .

- **പൊതു കാര്യങ്ങളെ കുറിച്ചുള്ള അവബോധം**

ചുറ്റുപാടും നടക്കുന്ന പൊതുകാര്യങ്ങൾ അറിയാൻ സ്കൂൾ അസംബ്ലിയിൽ പത്രം വായിക്കുന്നു .തുടർന്ന് അതിൽ നിന്നും പ്രധാന അദ്ധ്യാപിക ചോദ്യങ്ങൾ ചോദിക്കുന്നു .ചർച്ചകൾ നടത്തുന്നു. ക്വിസ് മത്സരങ്ങൾ നടത്തുന്നു.

- **സൈബർ അവബോധം**

കുട്ടികൾക്ക് ഇന്റർനെറ്റ് ഉപയോഗ ഉപയോഗത്തിന്റെ നല്ല വശങ്ങളും ചീത്ത വശങ്ങളും പറഞ്ഞ് മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്നതിനും ആവശ്യമായ സൈബർ അവബോധ ക്ലാസുകൾ പ്രധാനം ചെയ്യാൻ തീരുമാനിച്ചു.

- **നിയമബോധം**

നമുക്ക് ചുറ്റിലും ഉള്ള നിയമങ്ങളെക്കുറിച്ച് ശിക്ഷ അർഹമായവ, ജുവനയിൽ കോർട്ട് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച്, റോഡ് നിയമങ്ങളെക്കുറിച്ച്, പരിസരം വൃത്തിഹീനമാക്കുന്നതു ശിക്ഷ അർഹമാണെന്ന് തുടങ്ങിയ ധാരണകൾ കുട്ടികളിൽ വളർത്തുന്നതിന് ആവശ്യമായ സ്കിറ്റുകളും ക്ലാസ്സുകളും ലഭ്യമാക്കുവാൻ തീരുമാനിച്ചു.

- **വ്യക്തി ശുചിത്വം**

വ്യക്തിത്വത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് അറിയുന്നതിനും അതുവഴി ആരോഗ്യ പരിപാലനത്തിനും ആവശ്യമായ അറിവുകൾ പകർന്നു കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള നാടകങ്ങളും സ്കിറ്റുകളും ടെലിഫിലിമുകളും ഐസിടി സാധ്യതയിലൂടെയും മറ്റും ലഭ്യമാക്കുവാൻ തീരുമാനിച്ചു അത് ഉറപ്പുവരുത്തുന്നതിനായി എല്ലാ ദിവസവും നഖം വെട്ടുവാനും കുളിക്കുവാനും വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കുവാനും നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുവാനും ശുചിത്വ ക്ലബ്ബ് രൂപീകരിക്കുവാനും തീരുമാനിച്ചു.

- ## <u>ലഹരിക്കെതിരെയുള്ള അവബോധം</u>

കുട്ടികൾക്ക് ലഹരിക്കെതിരെയുള്ള അവബോധം നൽകുന്നതിന് ആവശ്യമായ സ്കിറ്റുകൾ ക്ലാസുകൾ തുടങ്ങിയവ നൽകുവാൻ തീരുമാനിച്ചു തുടർന്ന് സ്കൂൾ അസംബ്ലിയിലും മറ്റും പാലിക്കപ്പെടേണ്ടതായ നിർദ്ദേശങ്ങൾ നൽകുവാനും തീരുമാനിച്ചു ലഹരിക്കെതിരെയുള്ള പ്രതിജ്ഞ എടുക്കുവാൻ തീരുമാനിച്ചു ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ കുട്ടികൾക്ക് ഐസിടി സാധ്യതയിലൂടെ മനസ്സിലാക്കി കൊടുക്കുവാൻ തീരുമാനിച്ചു.

- ## <u>പൊതു നിരത്തിലെ നിയമങ്ങൾ</u>

റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുവാൻ ഒരു ക്ലബ്ബ് രൂപീകരിച്ചു റോഡ് സുരക്ഷാ നിയമങ്ങൾ ട്രാഫിക് നിയമങ്ങൾ തുടങ്ങിയവ കുട്ടികളിൽ എത്തിക്കുന്നതിനായി ആവശ്യമായ പോസ്റ്ററുകളും സ്കിറ്റുകളും മൈമുകളും സ്കൂളിൽ നടത്തുവാൻ തീരുമാനിച്ചു.

- ## <u>ഹരിത ക്യാമ്പസ്</u>

തന്റെ വിദ്യാലയം കൂടുതൽ പച്ചപ്പ് നിറഞ്ഞതാകുന്നതിന് വേണ്ടി ഓരോ കുഞ്ഞുങ്ങളും തങ്ങൾക്ക് കഴിയുന്ന വിധത്തിലുള്ള ചെറിയ ചെടികൾ നട്ടുപിടിപ്പിക്കുവാനും സമയം കണ്ടെത്തുവാൻ ഉതുകുന്ന രീതിയിൽ സ്കൂൾ ടൈംടേബിളിൽ ആഴ്ചയിൽ ഒരിക്കൽ വരുന്ന വിധം ക്രമീകരണം നടത്തുവാൻ തീരുമാനിച്ചു.

- ## <u>സ്കൂൾ സൗന്ദര്യവൽക്കരണം</u>

സ്കൂൾ കൂടുതൽ മനോഹരമാക്കുന്നതിന്റെ ഭാഗമായി ഓരോ ക്ലാസിലെയും കുഞ്ഞുങ്ങൾ അവർക്ക് കഴിയുന്ന വിധത്തിൽ കൂടുതൽ ചെടികളും മറ്റും നട്ടുവളർത്തുവാനും സ്കൂൾ പരിസരം കൂടുതൽ വൃത്തിയുള്ളതായി സൂക്ഷിക്കുവാൻ ചപ്പുചവറുകൾ വലിച്ചെറിയാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതായുള്ള നിയമാവലികൾ ചാർട്ടുകളിൽ പതിപ്പിക്കുവാനും തീരുമാനിച്ചു

- ## <u>വ്യായാമ ക്ലാസുകൾ</u>

കുട്ടികൾക്ക് വ്യായാമം ലഭിക്കുവാൻ ഉതുകുന്ന രീതിയിലുള്ള ദിവസവും ഒരു പീരീഡ് മാറ്റി വയ്ക്കുവാൻ തീരുമാനിച്ചു. സൂംബ ഡാൻസ്, യോഗ ക്ലാസ്സുകൾ, അസംബ്ലിയിൽ എല്ലാ ദിവസവും മൂന്ന് എക്സസൈസുകൾ ചെയ്യിക്കുവാനും തീരുമാനിച്ചു.

- ## <u>പൊതുമുതൽ സംരക്ഷണം അവബോധം</u>

പൊതുമുതലുകൾ എന്തൊക്കെയാണെന്നുള്ള ധാരണ കുട്ടികളിൽ വരുത്തുന്നതിന് ആവശ്യമായ ചിത്ര ചാർട്ട് പ്രദർശിപ്പിക്കുന്നു ഐസിടി സാധ്യത പ്രയോജനപ്പെടുത്തി പൊതുമുതലുകൾ നമ്മൾ എങ്ങനെ സൂക്ഷിക്കണം എന്നുള്ള അവബോധം കുട്ടികളിൽ വളർത്തുന്നു.

- ## ഡിജിറ്റൽ അച്ചടക്കം പ്രാധാന്യം

ചുറ്റുമുള്ള ഡിജിറ്റൽ ലോകത്തെക്കുറിച്ച് കുട്ടികൾക്ക് ആവശ്യമായ അറിവുകൾ പകർന്നു കൊടുക്കുന്നതിന് ഐസിടി സാധ്യതകളും മറ്റും പ്രയോജനപ്പെടുത്തുന്നു ഡിജിറ്റൽ സാധ്യതകളുടെ നല്ലവശവും മോശവശവും കുട്ടികൾക്ക് ധാരണ നൽകുന്നു ഡിജിറ്റൽ കാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാമെന്ന് എങ്ങനെ പ്രയോജനപ്പെടുത്താം എന്നും അവബോധം നൽകുന്നു.

- ## ജലജന്യ രോഗം -ക്ലാസ്

മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നത് മൂലം ഉണ്ടാകുവാൻ സാധ്യതയുള്ള രോഗങ്ങളെ കുറിച്ച് ധാരണ നൽകുന്നു കൊതുക മുട്ടയിടുന്നതിനും മറ്റും വെള്ളം കെട്ടിനിൽക്കുന്നത് കാരണമാകുന്നതിനാൽ പരിസരവും വീടും എല്ലാം വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട് എന്നുള്ള ക്ലാസ്സ് നൽകുന്നു അതിനായി ക്ലാസുകൾ നടത്തുവാനും തീരുമാനിച്ചു അതിനായി അടുത്തുള്ള ഹെൽത്തിൽ നിന്നും ആവശ്യമായ സഹായം സ്വീകരിക്കുവാൻ തീരുമാനിച്ചു.

- ## പച്ചക്കറിത്തോട്ടം

സ്കൂളിൽ ഒരു പച്ചക്കറി തോട്ടം നിർമ്മിക്കുന്നതിനായി തീരുമാനിച്ചു. ഹരിത ക്യാമ്പസ് ക്ലബ് അംഗങ്ങളെ അതിനായി ചുമതലപ്പെടുത്തു വാൻ തീരുമാനിച്ചു. ഓരോ ക്ലാസ്സിൽ നിന്നും ഓരോ ചെറിയ പച്ചക്കറി തോട്ടം നിർമ്മിക്കുന്നു അതിൽ നിന്നും ഓരോ ക്ലാസിലെയും രണ്ടാംഗങ്ങൾ വീതം ഹരിത ക്ലബ്ബിലെ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടുന്നു വെള്ളമൊഴിക്കുകയും വളമിടുകയും ചെയ്യുക ചെടിയെ പരിപോഷിപ്പിക്കുക കേടുകൾ വരുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക തുടങ്ങിയ കാര്യങ്ങൾ ക്ലബ് അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിച്ചു.

- ## സ്കൂൾ പാർലിമെന്റ്

സ്കൂളിൽ ഒരു പാർലമെന്റ് രൂപീകരിക്കുവാൻ തീരുമാനിച്ചു തിരഞ്ഞെടുപ്പുകൾ എങ്ങനെ നടക്കുന്നു എന്നും ഇലക്ഷൻ വോട്ടിംഗ് ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നത് എങ്ങനെ വോട്ട് നേടുന്ന തന്ത്രങ്ങൾ എങ്ങനെ ചിഹ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിചയപ്പെടുത്തുവാൻവേണ്ട പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

- ## ലൈബ്രറി

സ്കൂൾ ലൈബ്രറിയിലേക്ക് ഓരോ കുഞ്ഞുങ്ങളും തങ്ങളുടെ ജന്മദിനത്തിൽ ഓരോ പുസ്തകം കൊണ്ടുവരണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു തുടർന്ന് കുട്ടികളിലേക്ക് എല്ലാ ആവശ്യങ്ങളിലും പുസ്തകങ്ങൾ കൊടുത്തുവിടുകനും തിരികെ അത് വാങ്ങി കളക്ട് ചെയ്യുവാനും ഒരു അധ്യാപികയെയും ഒരു ലീഡറിനെയും ചുമതലപ്പെടുത്തി സ്കൂൾ ലൈബ്രറി ഓരോ പിരിയിട്ടെങ്കിലും ആഴ്ചയിൽ കുട്ടികൾക്ക് വായിക്കുവാൻ സമയം കിട്ടുന്ന രീതിയിൽ ടൈം ടേബിൾ ക്രമീകരിക്കുവാൻ തീരുമാനിച്ചു.

- **ക്ലാസ്സ്തല വായനാമൂലകൾ**

ഓരോ ക്ലാസിലും കുട്ടികൾക്ക് വായിക്കാൻ ഉതകുന്ന രീതിയിലുള്ള പുസ്തകങ്ങൾ വായനാ മൂലകളിൽ സജ്ജീകരിക്കുവാൻ തീരുമാനിച്ചു.

- **ക്ലാസ് മോണിറ്ററിങ്**

പ്രധാന അധ്യാപികയുടെ ക്ലാസ് മോണിറ്ററിംഗ് വിലയിരുത്തലുകൾ എസ് ആർ ജിയിൽ ചർച്ച ചെയ്യുവാനും വേണ്ട രീതിയിൽ മാറ്റങ്ങൾ വരുത്തുവാനും പിന്നോക്കക്കാരെ കണ്ടെത്തി ആവശ്യമായ പരിഹാരബോധനം തന്ത്രങ്ങൾ രൂപീകരിക്കുവാനും തീരുമാനിച്ചു.

- **സയൻസ് പരീക്ഷണങ്ങൾ**

സയൻസ് ക്ലബ്ബിലേക്ക് ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികളിൽ നിന്നും രണ്ടുപേരെ വീതം ഓരോ ക്ലാസിൽ നിന്നും തിരഞ്ഞെടുത്തു ക്ലബ്ബ് രൂപീകരിക്കുന്നു ഒരു അധ്യാപികയുടെ നേതൃത്വത്തിൽ ക്ലബ്ബ് പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നു പ്രവർത്തനങ്ങൾ നടത്തുക ഏതെങ്കിലും ഒരു പരീക്ഷണം എങ്കിലും ഒരാഴ്ചയിൽ നടത്തുവുന്ന രീതിയിൽ ക്ലബ്ബ് പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുവാൻ ആസൂത്രണം ചെയ്തു. പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളും മറ്റും കുട്ടികൾക്ക് മാസത്തിലൊരിക്കൽ സയൻസ് ക്ലബ്ബിന്റെ ഭാഗമായി ക്ലാസ് റൂമുകളിൽ അവതരിപ്പിക്കുവാനുള്ള അവസരം സൃഷ്ടിക്കുവാനും തീരുമാനിച്ചു.

- **രക്ഷാകർതൃ സമിതി**

മാസത്തിലൊരിക്കൽ രക്ഷിതാക്കൾ കുട്ടികളുടെ പഠനനിലവാരം അറിയുന്നതിനും മറ്റുമായി സ്കൂളിലോട്ട് നിർബന്ധമായി കടന്നുവരുവാനും അതിൽ പങ്കെടുക്കുവാനും സ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുവാനും അവസരം കൂടുതൽ സൃഷ്ടിക്കുവാൻ തീരുമാനിച്ചു.

- **മഴക്കാല രോഗം -ക്ലാസ്**

മഴക്കാലത്ത് ഉണ്ടാവുന്ന പകർച്ചപ്പനികളും പലതരം കൊതുകുകളിൽ നിന്നും വ്യാപിക്കുന്ന പനികളെ കുറിച്ചും കുട്ടികൾക്ക് അവബോധം സൃഷ്ടിക്കുവാൻ ഹെൽത്ത് ക്ലബ്ബിൽ നിന്നും മഴക്കാല രോഗങ്ങളെ കുറിച്ച് ക്ലാസ് എടുക്കുവാൻ ഒരു ആരോഗ്യ പ്രവർത്തകയെ ക്ഷണിക്കുവാൻ തീരുമാനിച്ചു.

- **ഗണിതകിറ്റ്**

ഓരോ ക്ലാസിലും ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഗണിത കിറ്റ് ഉണ്ടാക്കാനായി തീരുമാനിച്ചു അതിനായി മഞ്ചാടിക്കുരു കല്ല് ഈർക്കിൽ തീപ്പെട്ടികൊള്ളി മുത്ത് തുടങ്ങിയ പ്രയോജനപ്പെടുത്താം എന്നും തീരുമാനിച്ചു.

- ## നിർമ്മാണപ്രവർത്തനങ്ങൾ

പ്രവർത്തിപരിചയമേളയുടെ ഭാഗമായും മറ്റും കുട്ടികളെ മത്സരത്തിന് കൊണ്ടുപോകുന്നതിനായി ചന്ദനത്തിരി സോപ്പ് നിർമ്മാണം വേസ്റ്റ് മെറ്റീരിയലിൽ നിന്നുമുള്ള ഉൽപ്പന്നങ്ങൾ ചോക്ക് നിർമ്മാണം തുടങ്ങിയവയുടെ പരിശീലനം നേരത്തെ തന്നെ തുടങ്ങാം എന്ന് തീരുമാനിച്ചു.

- ## കുട്ടികളുടെ മെഡിക്കൽ ചെക്കപ്പ്

എല്ലാ ക്ലാസിലെയും കുട്ടികളുടെ ഹൈറ്റ് വെയിറ്റ് തൊലിയിലുള്ള എന്തെങ്കിലും നിറവ്യത്യാസം കാഴ്ചശക്തി കേൾവി ശക്തി തുടങ്ങിയെക്കുറിച്ച് പരിശോധിക്കുവാൻ ഹെൽത്തിൽ നിന്നും ആരോഗ്യ പ്രവർത്തകരുടെ സഹായം വർഷത്തിൽ രണ്ട് പ്രാവശ്യം ഉറപ്പുവരുത്തുവാൻ തീരുമാനിച്ചു. വിരഗുളികയും മറ്റും കൃത്യസമയത്ത് കൊടുക്കുവാൻ ഉള്ള തീരുമാനവും എടുത്തു.

- ## ഇംഗ്ലീഷ് ഡേ

സ്കൂളിൽ എല്ലാ ക്ലാസിലും ഒരു ദിവസം നിർബന്ധമായും ആഴ്ചയിൽ  ഇംഗ്ലീഷ്ദിനമായി നടത്തുവാൻ തീരുമാനിച്ചു.

- ## നാടകാവതരണം

ഓരോ ക്ലാസും ബാലസഭയിൽ പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു ഭാഗം നാടക രൂപത്തിൽ  അവതരിപ്പിക്കുവാൻ തീരുമാനിച്ചു. എല്ലാ ക്ലാസ്സുകാരും തങ്ങൾ പഠിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തിൽ നിന്ന് ഒരു പഠനഭാഗവുമായി അതിനുശേഷം ആയി ബന്ധപ്പെട്ട ആയിരിക്കണം നാടകാവുതരണം എന്ന ആശയം മുന്നോട്ട് വയ്ക്കാൻ എന്നും തീരുമാനിച്ചു.

- ## സ്കൂൾ അസംബ്ലി

സ്കൂൾ അസംബ്ലി ഓരോ ദിവസവും ഓരോ ക്ലാസ്സ് നടത്തുവാൻ തീരുമാനിച്ചു നഴ്സറി ക്ലാസ് മുതൽ നാലാം ക്ലാസ് വരെ ആഴ്ചയിൽ ഓരോ ദിവസവും ഓരോ ക്ലാസിന് അസംബ്ലിയിൽ പങ്കെടുക്കുവാൻ അവസരം കിട്ടുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചു ഏതു ക്ലാസ് ആണ് ഏറ്റവും നന്നായി അസംബ്ലി അവതരിപ്പിച്ചത് ആ ക്ലാസിന് സമ്മാനം നൽകുവാനും തീരുമാനിച്ചു.

- ## ബാലകലോത്സവം

കുട്ടികൾക്ക് അവരുടെ കഴിവുകൾ സ്വതന്ത്രമായി അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നതിന് ഭാഗമായി ആടാനും പാടാനും കഥ പറയാനും അവസരം നൽകുന്ന രീതിയിൽ ബാലകലോത്സവം നടത്തുവാൻ തീരുമാനിച്ചു കുട്ടികൾക്ക് പൊതുസഭയെ അഭിമുഖീകരിക്കുവാനുള്ള ഭയം ഇല്ലാതാക്കുക എന്നുള്ള ചിന്തയിൽ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചു.

- **<u>സൈക്കിൾ പരിശീലനം</u>**

സൈക്കിൾ ചവിട്ടുവാൻ അറിയാത്ത കുട്ടികൾക്ക് അമ്മമാരിൽ നിന്നും ഒരാളെ തിരഞ്ഞെടുത്ത് ആഴ്ചയിലൊരിക്കൽ സൈക്കിൾ പരിശീലനം നൽകുവാൻ തീരുമാനിച്ചു.

- **<u>നിരന്തരമൂല്യ നിർണ്ണയത്തിനുള്ള ഫയൽ</u>**

കുട്ടികൾക്ക് നടത്തുന്ന ക്ലാസിലെ മൂല്യനിർണയം ഓണപ്പരീക്ഷകൾ ക്രിസ്തുമസ് പരീക്ഷകൾ തുടങ്ങിയ നടത്തുന്ന എല്ലാ മൂല്യനിർണയ പേപ്പറുകളും സൂക്ഷിക്കുവാൻ ഒരു ഫയൽ വേണമെന്ന് തീരുമാനിച്ചു. കുട്ടികളുടെ മൂല്യനിർണയം രക്ഷിതാക്കൾക്ക് അത് മനസ്സിലാക്കുവാനുള്ള അവസരം നൽകുന്നതിനു സഹായകരമാകും വിധം ആയിരിക്കണമെന്ന് ആസൂത്രണത്തിൽ ഉൾപ്പെടുത്തി.

- **<u>സ്റ്റുഡന്റ്സ് പോലീസ്</u>**

ഒന്നു മുതൽ നാലു വരെയുള്ള കുട്ടികളിൽ നിന്നും ഒരു കുട്ടിയെ സ്റ്റുഡന്റ് പോലീസായി തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു സ്കൂളിലെ അച്ചടക്കത്തെ ലംഘനമെടുത്തുന്ന കുട്ടികളെ കണ്ടെത്തുന്നതിനും അധ്യാപകരെ അറിയിക്കുന്നതിനും ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

- **<u>കരാട്ടെ ക്ലാസ്</u>**

കരാട്ടെ പഠിക്കാൻ താല്പര്യം ഉള്ള എല്ലാ കുട്ടികൾക്കും കരാട്ടെ ക്ലാസ്സ് ചേരുവാനുള്ള അവസരം ഉറപ്പുവരുത്തുവാൻ തീരുമാനിച്ചു.

- **<u>പ്ലാസ്റ്റിക് വിമുക്ത സ്കൂൾ</u>**

സ്കൂളിൽ കൊണ്ടുവരുന്ന വാട്ടർ ബോട്ടിലുകളും ചോറ്റിൻ പാത്രങ്ങളും നിർബന്ധമായും സ്റ്റീൽ ആയിരിക്കണം എന്നും പിറന്നാൾ ദിവസത്തിൽ മധുര കടലാസുകൾ സ്കൂളിൽ വരാതിരിക്കുവാൻ അന്നേദിവസം മധുരം കൊണ്ടുവരുന്നതിന് പകരം ജന്മദിനത്തിൽ ലൈബ്രറിയിലേക്ക് പുസ്തകം ഒന്ന് കൊണ്ടുവരിക എന്നുള്ള തീരുമാനവും എടുത്തു.

- **<u>ഐ സി ടി ഉപയോഗം മെച്ചപ്പെടുത്തൽ</u>**

ഓരോ ക്ലാസ്സും ആഴ്ചയിൽ രണ്ട് പിരീഡ് നിർബന്ധമായും കമ്പ്യൂട്ടർ അവബോധം കുട്ടികൾക്ക് നൽകണമെന്നും ക്ലാസ് റൂമിൽ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐസിടി സാധ്യതയിലൂടെ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കണം എന്നും തീരുമാനിച്ചു.

- **<u>ഗണിത മൂലകൾ</u>**

ഓരോ ക്ലാസിലും ഗണിതം കൂടുതൽ എളുപ്പമാക്കുന്നതിനായി ഗണിതത്തിൽ മിടുക്കരായ കൂട്ടുകാരെ കണ്ടെത്തി ഗ്രൂപ്പ് തിരിച്ച് പരിശീലനം നടത്തുവാനും ഒരു അധ്യാപികയെ അതിനെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

- **നാടൻ പാട്ടു അവതരണം**

ഓരോ ക്ലാസും തങ്ങളുടെ മലയാളം പാഠപുസ്തകത്തിന് അടിസ്ഥാനമാക്കി ഒരു നാടൻപാട്ട് ബാലസഭയിൽ അവതരിപ്പിക്കണമെന്നും അതിനുവേണ്ട ദൃശ്യാവിഷ്കരണം കൊടുക്കണമെന്നും അതിനുള്ള അവസരം സൃഷ്ടിക്കുവാനും തീരുമാനിച്ചു.

- **ഡ്രൈ ഡേ ദിനാചരണം**

മഴക്കാലത്ത് വെള്ളം ചിരട്ടയിലും മറ്റും കെട്ടി നിന്ന് കൊതുക് മുട്ടയിട്ട് പലതരം പകർച്ചവ്യാധികൾ പടരുന്നത് ഒഴിവാക്കുന്നതിന്റെ ഭാഗമായി വെള്ളം കെട്ടിനിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നത്തിനായി ഡ്രൈ ഡേ നടത്തുവാൻ തീരുമാനിച്ചു.

- **പഠന യാത്ര**

സ്കൂളിൽ നിന്നും പഠനയാത്ര നടത്തുവാൻ ഈ വർഷവും പതിവുപോലെ തീരുമാനിച്ചു.

- **ഭവന സന്ദർശനം**

ഓരോ അധ്യാപകരും തങ്ങളുടെ ക്ലാസ്സിലെ കുട്ടികളുടെ വീടുകളിലേക്ക് ഭവന സന്ദർശനം നടത്തുവാനും ചുറ്റുപാടും പരിസരവും വീട്ടിലെ അന്തരീക്ഷവും മനസ്സിലാക്കുവാനും പഠന സാഹചര്യങ്ങൾ മനസ്സിലാക്കുവാനും തീരുമാനിച്ചു.

- **L.S.S. കോച്ചിങ്**

എല്ലാ വർഷത്തെയും പോലെ ഈ വർഷവും നാലാം ക്ലാസിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് എൽ എസ് എസ് കോച്ചിംഗ് പതിവുപോലെ കൊടുക്കുവാൻ തീരുമാനിച്ചു.

- **ഭാഷ ക്ലബ്**

മലയാളഭാഷയിലെ ചിഹ്നങ്ങളും അക്ഷരങ്ങളും ഉറപ്പിക്കുന്നതിന്റെ ഭാഗമായി ഭാഷാ ക്ലബ്ബ് രൂപീകരിക്കുവാനും ഓരോ ക്ലാസിൽ നിന്നും രണ്ടു കുട്ടികൾ വീതം അംഗങ്ങൾ ആകണമെന്നും തീരുമാനിച്ചു അതിനൊരു ടീച്ചറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു ഭാഷാ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഓരോ ക്ലാസിലെയും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട രീതിയിൽ അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുവാൻ തീരുമാനിച്ചു.

- **പരിഹാര ബോധനം**

എസ് ആർ ജിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കുറിച്ച് ചർച്ച നടത്തി ഓരോ അധ്യാപകർക്കും അവർക്കുവേണ്ടി എന്ത് ചെയ്യാമെന്ന് ചർച്ചയിൽ തീരുമാനം എടുക്കുവാനും തീരുമാനിച്ചു തുടർന്ന് പരിഹാരബോധന

പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും അത് വേണ്ട രീതിയിൽ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുവാനും പ്രധാന അധ്യാപിക തീരുമാനിച്ചു

- **കഥ -കവിത ക്യാമ്പ്**

കുട്ടികൾക്ക് സ്വന്തമായി കഥ എഴുതുവാനും കവിതകൾ എഴുതുവാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുവാൻ മാസത്തിലൊരിക്കൽ ഒരു സമയം കണ്ടെത്തുവാൻ തീരുമാനിച്ചു അതിൽനിന്നും നല്ല രീതിയിലുള്ള കഥകൾക്കും കവിതകൾക്കും സമ്മാനം കൊടുക്കുവാനും ഓരോ ക്ലാസ്സ് അതിന്റെ അടിസ്ഥാനത്തിൽ ഓരോ പുസ്തകങ്ങൾ നിർമ്മിക്കുവാനും തീരുമാനിച്ചു.

- **ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തൽ**

കുട്ടികൾക്ക് ഇംഗ്ലീഷ് സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ക്ലബ്ബ് രൂപീകരിച്ചു തുടർന്ന് ക്ലബ്ബിന്റെ നേതൃത്വത്തിൽ റീഡിങ് സ്കില്ലുകൾക്കും സ്കിറ്റ് അവതരണങ്ങൾക്കും അവസരം സൃഷ്ടിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചു.

- **പഠനം ലളിതം പദ്ധതി**

കുട്ടികൾക്ക് പഠനം വിരസമായി തോന്നാത്ത രീതിയിൽ അവർക്ക് കായികമായും കലാപരമായും ഉള്ള പ്രവർത്തനങ്ങൾക്ക് അവസരങ്ങൾ നൽകുന്ന രീതിയിൽ പഠന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ തീരുമാനിച്ചു.

- **തനതു പ്രവർത്തനം**

എല്ലാ വർഷത്തെയും പോലെ ഈ വർഷവും തനതു പ്രവർത്തനം നടത്തുവാൻ തീരുമാനിച്ചു ഈ വർഷം ഫുട്ബോൾ ആണ് തനത് പ്രവർത്തനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത് ഒന്നാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് ഫുട്ബോളിൽ പരിശീലനം നൽകുവാൻ തീരുമാനിച്ചു ഒരു ഫുട്ബോൾ ക്ലബ്ബ് അതിനു വേണ്ടി രൂപീകരിക്കാനും ഒരു ടീം രൂപീകരിക്കുവാനും തീരുമാനിച്ചു.

- **വായന ക്ലബ്**

നല്ല വായനക്കാരെ കണ്ടെത്തുന്നതിനായി ഓരോ ക്ലാസിൽ നിന്നും ആഴ്ചയിൽ ഒരിക്കൽ വായന മത്സരങ്ങൾ നടത്തുവാൻ തീരുമാനിച്ചു. നന്നായി വായിക്കുന്ന കുട്ടികളെ വായന ക്ലബ്ബിലേക്ക് അംഗത്വം നൽകുകയും തുടർന്ന് അവരുടെ നേതൃത്വത്തിൽ വായന മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുവാനും തീരുമാനിച്ചു.

- **ഭിന്നശേഷി സാന്ത്വന പദ്ധതി**

സ്കൂളിലെ ഭിന്നശേഷികളായ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

- **ബാലസഭ**

മാസത്തിലൊരിക്കൽ വെള്ളിയാഴ്ചകളിൽ അവസാന പിരടുകളിൽ ബാലസഭ നടത്തുവാൻ തീരുമാനിച്ചു. കുട്ടികൾ തന്നെ നേതൃത്വം നൽകണമെന്നും തീരുമാനിച്ചു . എല്ലാ ക്ലാസിലും പാഠഭാഗത്തിൽ നിന്നും ഒരു ഐറ്റം എങ്കിലും ബാലസഭയിൽ അവതരിപ്പിക്കണമെന്ന് തീരുമാനിച്ചു.

- **പഠനോത്സവം**

വർഷാന്ത്യത്തിൽ പതിവുപോലെ ഈ വർഷം കുട്ടികൾ നേടിയ അറിവിന്റെ ആകെ തുക പരിചയപ്പെടുത്തുന്നതിനുള്ള ഒരു വേദിയായി പഠനോത്സവം നടത്തുവാൻ കഴിഞ്ഞവർഷങ്ങളിലെ പോലെ തന്നെ ഈ വർഷവും നടത്തുവാൻ തീരുമാനിച്ചു.

- **രചനോത്സവം**

കുട്ടികളിലെ കഥകവിത എഴുതുവാനുള്ള കഴിവ് പരിപോഷിപ്പിക്കുന്ന ഭാഗമായി വർഷാന്ത്യത്തിൽ രചനോത്സവം നടത്തുവാനും തീരുമാനിച്ചു.

- **വായനോത്സവം**

എല്ലാ ക്ലാസ്സിൽ നിന്നും വായനയ്ക്ക് അവസരം നൽകിക്കൊണ്ട് വായനോത്സവം നടത്തുവാൻ തീരുമാനിച്ചു.

- **പ്രവൃത്തി പരിചയമേള**

പ്രവർത്തിപരിചയമേളയ്ക്കായി കുഞ്ഞുങ്ങളെ കൊണ്ടുപോകുന്നതിന് വേണ്ടി മുൻകൂട്ടിയുള്ള പരിശീലനം നടത്തുവാൻ തീരുമാനിച്ചു ഫാബ്രിക് പെയിന്റിംഗ് വെജിറ്റബിൾ പ്രിന്റിംഗ് തുടങ്ങിയവയിൽ പരിശീലനം കൊടുക്കുവാൻ തീരുമാനിച്ചു.

- **സംയുക്ത ഡയറി**

കുട്ടികൾക്ക് സ്വതന്ത്രമായി എഴുതുവാനും ചിന്തിക്കുവാനുമുള്ള കഴിവ് വികസിപ്പിക്കുന്ന ഭാഗമായി എല്ലാ ക്ലാസിലും സംയുക്ത ഡയറി എഴുത്തുവാനും ഏറ്റവും നന്നായി എഴുതുന്ന കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകാനും തീരുമാനിച്ചു.

- **പാട്ടരങ്ങ്**

കുട്ടികൾ ഈ വർഷം പഠിച്ച കുട്ടിക്കവിതകളും പാട്ടുകളും നാടൻ പാട്ടുകളും എല്ലാം അവതരിപ്പിക്കുന്നതിന് ഒരു പാട്ടരങ്ങു സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

- **വീട് ഒരു വായനകൂട്**

കുട്ടികളിലെ വായന മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളിൽ നിന്നും വായനാദിനത്തിൽ പുസ്തകങ്ങൾ കുട്ടികളുടെ വീടുകളിലേക്ക് കൊടുത്തു

വിടുവാൻ തീരുമാനിച്ചു തുടർന്ന് വീടുകളിൽ ഒരു ലൈബ്രറി കുട്ടികൾ ഒരുക്കുവാനും അതിനെ വായനക്കൂട് എന്ന പേര് നൽകുവാനും നിർദ്ദേശിക്കുവാൻ തീരുമാനിച്ചു.

- **<u>ഫുട്ബോൾ പരിശീലനം</u>**

ഒന്നാം ക്ലാസ് മുതലുള്ള കുട്ടികളിൽ നിന്നും ഫുട്ബോൾ കളിക്കുവാൻ താല്പര്യമുള്ള കുട്ടികൾക്ക് പരിശീലനം നടത്തുവാൻ ഈ വർഷം തീരുമാനിച്ചു.

- **<u>പതിപ്പുനിർമ്മാണം</u>**

പാഠഭാഗങ്ങളിൽ നിന്നും കൂടുതൽ പതിപ്പുകൾ നിർമ്മിക്കണെമെന്ന് ഈ വർഷം തീരുമാനിച്ചു.

- **<u>ക്ലാസ് പത്രം</u>**

ഓരോ ക്ലാസും ഒരു പത്രം എങ്കിലും ഇറക്കണെമെന്ന് ദേശത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുവാനും ഈയൊരു അധ്യയന വർഷം ഓരോ ക്ലാസിൽ നിന്നും ഒരു പത്രമെങ്കിലും നിർമ്മിക്കണെമെന്ന് തീരുമാനിച്ചു.

- **<u>കായിക പ്രവത്തനങ്ങൾ</u>**

ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും കായിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന രീതിയിലുള്ള ടൈംടേബിൾ ക്രമീകരിക്കുവാൻ തീരുമാനിച്ചു.

- **<u>എസ് ആർ ജി</u>**

സ്കൂളിലെ പ്രവർത്തനങ്ങളുടെ കൃത്യമായ നടത്തിപ്പിനായി എസ് ആർ ജി ഗ്രൂപ്പ് രൂപീകരി ക്കുകയും എല്ലാ ആഴ്ചയിലും ഒരു ദിവസം എസ് ആർ ജി കൂടുവാൻ തീരുമാനിക്കുകയും പ്രധാന അധ്യാപികയുടെയും എസ്.ആർ.ജി കൺവീനറുടെയും നേതൃത്വത്തിലും ഓരോ ക്ലാസിലും നേരിടുന്ന പഠന പ്രശ്നങ്ങൾ വിലയിരുത്തുവാനും പരിഹാരബോധന തന്ത്രങ്ങൾ നടത്തുവാനും തീരുമാനിച്ചു.

# CLASS 1

## ആമുഖം

**പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുൻപിൽ കണ്ടു കൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത് .എഴുത്തു വായന മറ്റു അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായനേട്ടങ്ങൾ കൂടി കൈവരിക്കുവാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു.**

## വിഷയം: മലയാളം ക്ലാസ്: 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **സ്വതന്ത്രവായനക്കാരാക്കുക** | ◆ ചിത്രവായന<br>◆ വായനക്കാർഡുകൾ പ്രയോജനപ്പെടുത്തുന്നു<br>◆ ക്ലാസ് മുറിയിൽ ഒരു വായനമൂല<br>◆ ഗ്രൂപ്പ് വായന<br>◆ പരിചിത പദങ്ങൾ കണ്ടെത്തൽ<br>◆ ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തൽ<br>◆ പരിചിത പദങ്ങൾ സന്ദർഭങ്ങളിൽ പ്രയോഗിക്കൽ<br>◆ ചിഹ്നങ്ങൾ തിരിച്ചറിഞ്ഞു ഉറക്കെ വായിക്കുന്നു<br>◆ വീട് ഒരു വായനക്കൂട് - വീട്ടിൽ ഒരു ലൈബ്രറി ഒരുക്കുന്നു<br>◆ സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തുന്നു<br>◆ വായനോത്സവം നടത്തുന്നു | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് - ഒക്ടോബർ<br>നവംബർ - ജനുവരി<br>ഫെബ്രുവരി - മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ<br>അധ്യാപകർ രക്ഷിതാക്കൾ<br>അധ്യാപകർ രക്ഷിതാക്കൾ | SSA<br>SMC<br>SSA<br>SMC |

| | | | | |
|---|---|---|---|---|
| **ലഘു രചനകൾ നടത്തുന്നു** | ◆ സംയുക്ത ഡയറി എഴുതുന്നു<br>◆ ചെറിയ വായന കാർഡുകൾ നിർമിക്കുന്നു<br>◆ പരിചിത പദങ്ങൾ ഉപയോഗിച്ച് കവിതകൾ എഴുതുന്നു<br>◆ ചെറിയ കഥകൾ കണ്ടു എഴുതുന്നു<br>◆ ചെറിയ കഥകൾ സ്വയം നിർമിക്കുന്നു<br>◆ അനുയോജ്യമായ ചിത്രങ്ങൾ നൽകുന്നു<br>◆ രചനോത്സവം നടത്തുന്നു | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ് - ഒക്ടോബർ<br><br>നവംബർ - മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ<br><br>അധ്യാപകർ രക്ഷിതാക്കൾ<br><br>അധ്യാപകർ രക്ഷിതാക്കൾ | SMC<br><br>SMC<br><br>SMC |
| **സ്വതന്ത്രഭാഷണക്കാരാക്കുക, കവിതകൾതാളത്തിൽ ചൊല്ലുന്നതിന്** | ◆ സ്വതന്ത്രമായി ചിത്രം നോക്കി കഥ പറയുന്നു<br>◆ സ്വന്തമായി വരികൾ കൂടി ചേർത്ത് കവിതകൾ പാടുന്നു<br>◆ നാടൻ പാട്ടുകൾ പാടുന്നു<br>◆ വായ്ത്താരികൾഒന്നിച്ചുപാടുന്നു<br>◆ പാട്ടരങ്ങ് നടത്തുന്നു<br>◆ പഠനോത്സവം നടത്തുന്നു | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ് - ഒക്ടോബർ<br><br>നവംബർ - മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ<br><br>അധ്യാപകർ രക്ഷിതാക്കൾ<br><br>അധ്യാപകർ രക്ഷിതാക്കൾ | SSA<br><br>SMC<br><br>SSA |

# SUBJECT : ENGLISH   CLASS :1

| LEARNING OUTCOMES | ACTIVITIES | DURATION | SUPPORT | FINANCIAL HELP |
|---|---|---|---|---|
| **Picture description** | ◆ Teacher shows a picture<br>◆ interaction<br>◆ The children talk about the picture .<br>◆ Try to draw the picture and say about it loudly. | June to August | Teachers Parents | SSA<br>SMC<br>SSA |
| **Colouring and drawing** | ◆ Teacher provide some cards to children and ask them to colour appropriately.<br>◆ Children draw the picture according the context | June to December | Teachers Parents | SSA |
| **Adds more lines** | ◆ Plays audio of song<br>◆ Let the learners sing after the audio<br>◆ Adds lines to the poem | August to March | Teachers | SMC |
| **Conversation** | ◆ Role play<br>◆ Skit<br>◆ Mime<br>◆ Practice simple conversation in class room<br>◆ Develope vocabulary<br>◆ Reading conversation<br>◆ Acting with friends | August to March | Teachers Parents | SSA |
| **Arrange letters properly** | ◆ Word puzzle<br>◆ word ladder<br>◆ complete missing words | December to march | Teachers | SSA |

# വിഷയം: പരിസരപഠനം    ക്ലാസ്: 1

| ലക്ഷ്യം | പ്രവര്‍ത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്** | ◆ സ്കൂളില്‍ ഭക്ഷ്യമേള സംഘടിപ്പിക്കുന്നു<br>◆ ഭക്ഷ്യമേള പ്രദര്‍ശനം<br>◆ എണ്ണയില്‍ പൊരിച്ച പലഹാരങ്ങള്‍<br>◆ ആവിയില്‍ വേവിച്ചവ<br>◆ കല്ലില്‍ ചുട്ടെടുത്തവ<br>◆ പാചകം ചെയ്യാതെ കഴിക്കാവുന്നവ<br>◆ തരംതിരിക്കാനുള്ള കഴിവ് നേടുന്നു | ജൂണ്‍- ആഗസ്ത് | അധ്യാപകന്‍ രക്ഷിതാക്കള്‍ | SMC |
| **പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും** | ◆ പുഷ്പോദ്യാനം<br>◆ ഔഷധത്തോട്ടം<br>◆ ചുറ്റുവട്ടം നിരീക്ഷിക്കല്‍ | ഡിസംബര്‍ - ജനുവരി | അധ്യാപകര്‍ രക്ഷിതാക്കള്‍ | SSA |
| **കരയിലും വെള്ളത്തിലും ജീവിക്കുന്ന ജീവികളുണ്ട്** | ◆ ചിത്ര ചാര്‍ട്ട് പ്രദര്‍ശനം<br>◆ കുളം -കര കളി<br>◆ ഐസിടി സാധ്യത<br>◆ പ്രകൃതി നടത്തം | സെപ്റ്റംബര്‍ മാര്‍ച്ച് | അധ്യാപകര്‍ രക്ഷിതാക്കള്‍ | MPTA |

# വിഷയം -ഗണിതം ക്ലാസ് :1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **സംഖ്യാബോധം** | ◆ സംഖ്യകളെ ഒന്ന് മുതൽ പത്തു വരെ എഴുതാനും എണ്ണാനും വായിക്കാനും അറിയുന്നതിനും<br>◆ സംഖ്യാകാർഡുകൾ<br>◆ ഗണിതകിറ്റു<br>◆ ഗണിത കളികൾ<br>◆ വലുത് ചെറുത് ക്രമത്തിൽ എഴുതുന്നു<br>◆ ഒറ്റ സംഖ്യാ ഇരട്ട സംഖ്യാ തരം തിരിക്കൽ<br>◆ പാറ്റേണുകൾ പൂർത്തിയാക്കൽ | ജൂൺ- സെപ്റ്റംബർ | അധ്യാപകർ | SSA |
| **സങ്കലന ക്രിയകൾ** | ◆ സംഖ്യാഗാനം ആസ്വദിക്കൽ<br>◆ ഒറ്റക്ക സംഖ്യാ സങ്കലനം<br>◆ രണ്ടക്ക സംഖ്യാ സങ്കലനം<br>◆ സംഖ്യാ വ്യാഖ്യാനം<br>◆ നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിത കളികൾ<br>◆ ഗണിത മൂലകൾ<br>◆ ഗ്രൂപ്പ് പ്രവർത്തനങ്ങൾ<br>◆ കണ്ടെത്തി നിറം കൊടുക്കൽ<br>◆ സംഖ്യാ മാലകൾ | ആഗസ്ത്- ജനുവരി | അധ്യാപകർ രക്ഷിതാക്കൾ | SMC |
| **വ്യവകലന ക്രിയകൾ** | ◆ ഒരക്ക സംഖ്യകളുടെ വ്യവകലനം<br>◆ കല്ലുകൾ ഉപയോഗിച്ചുള്ള പ്രശ്നവിശകലനം<br>◆ ഗ്രൂപ്പ് പ്രവർത്തനങ്ങൾ<br>◆ സംഖ്യപാട്ടുകൾ<br>◆ നിറം കൊടുക്കൽ<br>◆ പാറ്റേണുകൾ പൂർത്തിയാക്കൽ | ഡിസംബർ - മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ | SSA |

മേഖല – അക്കാദമികം

ഉപമേഖല – ഗണിതം

ക്ലാസ്സ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം ( കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടുത്തൽ)<br><br>ഗണിത ക്യാമ്പ് (ഗണിത കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വിധം<br><br>മാസത്തിൽ ഒന്ന് വിധം | SRG ക്ലാസ്സ് ടീച്ചർ | SSA |

മേഖല – അക്കാദമികം
ഉപമേഖല – പരിസരപഠനം
ക്ലാസ്സ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക<br><br>വിശകലനം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്<br><br>പ്രകൃതിയെ അറിയാൻ<br><br>നാട് അറിയാൻ - നാട്ടറിവുകൾ | സുജിത്ത് സർവേ<br>ക്ലാസുകൾ<br>പോസ്റ്റർ രചന<br>മത്സരങ്ങൾ<br>അവതരണങ്ങൾ<br><br>പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്<br><br>കർഷകരമായ അഭിമുഖം.<br><br>കൃഷിയിടത്തിലേക്ക്<br>നമുക്കും കർഷകരാകാം | ജൂൺ, ജൂലൈ<br><br>സെപ്റ്റംബർ<br>ഡിസംബർ<br><br>ജനുവരി | ക്ലാസ് ടീച്ചർ<br>SRG<br>SMC<br><br>ടീച്ചേഴ്സ്<br>SRG<br>SMC<br><br>SRG<br>SMC<br>നാട്ടുകാർ | SSA |

മേഖല – അക്കാദമികം
ഉപമേഖല – ഇംഗ്ലീഷ്
ക്ലാസ്സ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ | Let's talk......... പ്രതിഭാധനരുമായി സംവദിക്കൽ<br>English ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി<br>One day English | മൂന്നുമാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | SSA |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ്സ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ്<br><br>സർഗാത്മകതയെ തട്ടിയുണർത്താം | 1)എഴുത്തും കുത്തും ലഘുരചനയിലേക്ക് നയിക്കുന്ന രചന ക്യാമ്പുകൾ<br><br>2) ലഘു പതിപ്പുകൾ തയ്യാറാക്കൽ<br><br>1) രചന ശില്പശാല കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ<br><br>ഡിസംബർ<br><br>ജനുവരി | SRG<br><br>SMC<br>ക്ലബ്ബുകൾ<br>P. T. A സ്റ്റാഫ്<br><br>അധ്യാപകർ<br><br>പ്രമുഖ വ്യക്തികൾ | P. T. A<br>SRG<br>SMC |

# സി.എം.എസ്.എൽ.പി സ്കൂൾ, തൃശ്ശൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ്- III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | PTA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | PTA |

# സി.എം.എസ്.എൽ.പി സ്കൂൾ, തൃശ്ശൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ്- III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭ കളെ അടുത്ത റിയാം | 1) കവികളെ കുറി ച്ചുള്ള ഡോക്യു മെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | PTA |
| | 2) പുസ്തക ശേഖര ണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോ ഷണം | 1) പൊതു സമൂഹവു മായി ബന്ധപ്പെട്ട് പുസ്തക ശേഖ രണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയി ലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തു കാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

# സി.എം.എസ്.എൽ.പി സ്കൂൾ, തൃശ്ശൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ്- III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | SRG<br>Class Teacher | PTA |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | SMC<br>Class Teacher | PTA |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | SRG<br>Class Teacher | PTA |

# ACADEMIC MASTER PLAN

# CMS LP SCHOOL THRISSUR

## STD IV
## MALAYALAM

| **മധുരം മലയാളം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഫലപ്രദ മായി വായി ക്കാനും സംസാ രിക്കാനും എഴുതു വാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലി യുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാ നുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവ ർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴു തൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗ ങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവ തരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വിക സനം | മൂന്നു മാസം കൂടു മ്പോൾ കുട്ടിക ളുടെ രചനകൾ ഉൾപ്പെ ടുത്തിക്കൊണ്ട് മാസിക തയ്യാറാ ക്കൽ | മൂന്ന് മാസത്തി ലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയി ലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസ ങ്ങളിലെ പ്രവർത്ത നങ്ങൾ ഉൾക്കൊ ള്ളിച്ച് സുഹൃത്തുക്ക ളുമായി കത്തിട പാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോ ഷണം | കുട്ടികളുടെ നില വാരത്തിനനുസ രിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരു ക്കൽ<br><br>വായനാവേള ഒരു ക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴു തുവാനും കഴി യുന്ന നിലവാരത്തി ലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യു ന്നതിൽ ആത്മവി ശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്ര വർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ ഇഹമൈ ഠലമരവല്യ ടങഇ ഇഹമൈ ജഠഅ | ജഠഅ ഋിറ ടങഇ |

# ഗണിതം (Std IV)

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശ,<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |